# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IV
## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**രണ്ടാമത് റിപ്പോർട്ട്**
**(2017-2018)**

**SECOND REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2017-2018)**

2017 ഏപ്രിൽ 25-ാം തീയതി സമർപ്പിച്ചത്
(Presented on 25th April 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IV

## (SUBJECT COMMITTEE IV)

# വ്യവസായവും ധാതുക്കളും

# (INDUSTRY AND MINERALS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

രണ്ടാമത് റിപ്പോർട്ട്

(2017-2018)

SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS

(2017-2018)

432/2017.

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി IV
## വ്യവസായവും ധാതുക്കളും
## (2017-2018)

**ഘടന**

ചെയർമാൻ:

ശ്രീ. എ. സി. മൊയ്തീൻ,
വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. ആന്റണി ജോൺ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. എൻ. വിജയൻ പിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2017 മാർച്ച് 27, ഏപ്രിൽ 5 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ധനാഭ്യർത്ഥന നമ്പർ XXXVII-വ്യവസായങ്ങൾ എന്ന ധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന XXXVII സംബന്ധിച്ച് വ്യവസായ വകുപ്പിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2017 ഏപ്രിൽ മാസം 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2017 ഏപ്രിൽ 18.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

വോട്ട് ചെയ്യുന്നത് : 143541.92 ലക്ഷം രൂപ

ചാർജ്ജ് ചെയ്യുന്നത് : ഇല്ല

2851-00-102-38 —പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

1. എച്ച്.ഡി.സി.കെ., കാഡ്കോ, സുരഭി, കെ.എസ്.ബി.സി., കെൽപാം, കേരള ബാംബൂ മിഷൻ (കെ-ബിപ്) എന്നീ ഏജൻസികൾ മുഖേന കരകൗശലരംഗത്തെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനായി വിവിധ പദ്ധതികൾ വ്യവസായവകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ അതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-95—കൈത്തറി തുണി വില്പനയിലെ റിബേറ്റ്-33- സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 600 ലക്ഷം രൂപ (നോൺ പ്ലാൻ)

2. കൈത്തറി അപ്പക്സ് സ്ഥാപനങ്ങളായ ഹാൻടെക്സിന്റെയും ഹാൻവീവിന്റെയും പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും 2014 മുതലുള്ള റിബേറ്റ് കുടിശ്ശിക നൽകുന്നതിനും 2017-2018 സാമ്പത്തിക വർഷത്തെ റിബേറ്റ് നൽകുന്നതിനുമായി 2017-2018 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യമായതിനാൽ 1000 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-104-86—പൊതുപ്രവർത്തന സൗകര്യകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം : 85 ലക്ഷം രൂപ (പ്ലാൻ)

3. സംസ്ഥാന കരകൗശല മേഖലയിൽ ക്ലസ്റ്റർ ഡെവലപ്മെന്റിന്റെ ഭാഗമായി കോമൺഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന് 2017-2018 സാമ്പത്തിക വർഷം 200 ലക്ഷം രൂപയോളം ആവശ്യമായി വരുമെന്നും ഇതിൽ 85 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 115 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-104-74—കരകൗശല തൊഴിലാളികൾക്കുള്ള സഹായപദ്ധതി

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (പ്ലാൻ)

4. കരകൗശല മേഖലയിലെ വിദഗ്ധ തൊഴിലാളികളെ സ്വയം സംരംഭകരാക്കി മാറ്റാനുള്ള 'ആഷ്' എന്ന പുതിയ പദ്ധതിക്കായി ശരാശരി ഒരു ആർട്ടിസാന് ഒരു ലക്ഷം രൂപ സഹായം എന്ന നിരക്കിൽ 100 ആർട്ടിസാൻമാരെയെങ്കിലും സഹായിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നതെന്നും ആയതിലേക്കായി 2017-2018 സാമ്പത്തികവർഷം 100 ലക്ഷം രൂപ ആവശ്യമുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-101-88—നിലവിലുള്ള ഡി.എ./ ഡി.പി.കളുടെ പുനരുദ്ധാരണവും നവീകരണവും (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം: ഇല്ല (പ്ലാൻ)

5. നിലവിലുള്ള ഡി.എ./ഡി.പി.കളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പദ്ധതികൾ കേന്ദ്രധനസഹായത്തിന് സമർപ്പിച്ചിരുന്നതായും രണ്ടെണ്ണത്തിന് അംഗീകാരം ലഭിച്ചതായും എന്നാൽ സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. പൂവച്ചുരുത്തും എടയാറുമുള്ള രണ്ട് പദ്ധതികൾക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകാൻ തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കുവേണ്ടി സംസ്ഥാനവിഹിതമായി 400 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-104-99—കരകൗശലമേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷൻസിന് ഉള്ള സഹായം

ബഡ്ജറ്റ് വിഹിതം: 250 ലക്ഷം രൂപ (പ്ലാൻ)

6. എച്ച്.ഡി.സി.കെ., കാഡ്കോ, സുരഭി, കെ.എസ്.ബി.സി., കെൽപാം എന്നീ സ്ഥാപനങ്ങൾ കരകൗശലമേഖലയുടെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളിൽ വിപണന സഹായം, ഉൽപ്പന്ന വികസനം, നൈപുണ്യവികസനം തുടങ്ങിയ പദ്ധതികൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 750 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-99—കയർ വ്യവസായ വികസനം—മേൽനോട്ടം

ബഡ്ജറ്റ് വിഹിതം : 1636.30 ലക്ഷം രൂപ (നോൺ പ്ലാൻ)

7. കയർ വികസന ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിനും പ്രോജക്ട് ആഫീസുകളുടെ കീഴിൽ വരുന്ന വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കിൾ ആഫീസുകൾക്കും വാടക കടിശ്ശികയുണ്ടെന്നും മറ്റിനങ്ങളിലുള്ള ചെലവ് കൂടാതെ ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ നൽകുന്നതിനും ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ആവശ്യത്തിനായി മേൽ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-98—തൊണ്ട്/ചകിരി സംഭരണത്തിനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 171.66 ലക്ഷം രൂപ (നോൺ പ്ലാൻ)

8. കയർ വികസന വകുപ്പിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി 100 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-93—ക്ഷേമ നടപടികൾ-കയർത്തൊഴിലാളി പെൻഷൻ

ബഡ്ജറ്റ് വിഹിതം : 5000 ലക്ഷം രൂപ (നോൺ പ്ലാൻ)

9. കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കാൻ കേരള കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിതത്തിൽ 2012-2013 മുതൽ പദ്ധതിയേതരത്തിലാണ് തുക വകയിരുത്തുന്നതെന്ന് സമിതി വിലയിരുത്തുന്നു. പ്രതിമാസം 1000 രൂപവച്ച് പെൻഷൻ നൽകുന്നത് കൂടാതെ കുടുംബപെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമ പദ്ധതികൾ എന്നിവ നടപ്പാക്കാനും വിരമിക്കൽ ആനുകൂല്യവും കടിശ്ശികയും നൽകാനും ഈ ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. 2017-2018 വർഷത്തെ പെൻഷൻ വിതരണത്തിന് 10000 ലക്ഷം രൂപ ആവശ്യമായിവരുമെന്ന സാഹചര്യം കണക്കിലെടുത്ത് 5000 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-92—വിപണന വികസനപദ്ധതി (50% കേന്ദ്ര സഹായ പദ്ധതി)

ബഡ്ജറ്റ് വിഹിതം : 880 ലക്ഷം രൂപ (പ്ലാൻ)

10. കയറും കയറുല്പന്നങ്ങളും വില്പനയ്ക്കുള്ള സഹായം എന്ന 50% കേന്ദ്ര വിഹിതമുള്ള പദ്ധതിയായ എം.ഡി.എ.യ്ക്ക്, റീ-ഇംബേഴ്സ്മെന്റായിട്ടാണ് തുക ലഭിക്കുന്നതെന്നും ഭാരത സർക്കാർ നൽകുന്ന ധനസഹായത്തിന്റെ സമാന സഹായമായി എം.ഡി.എ. യുടെ 50% സംസ്ഥാനം വഹിക്കുന്നു എന്നും സമിതി വിലയിരുത്തുന്നു. പദ്ധതി നിലനിർത്തുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടതുള്ളതിനാൽ 880 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-54—ഉല്പാദനത്തിനും വിപണനത്തിനുമുള്ള പ്രോത്സാഹനം

ബഡ്ജറ്റ് വിഹിതം : 550 ലക്ഷം രൂപ (പ്ലാൻ)

11. കയറുല്പന്നങ്ങളുടെ ഉല്പാദനം സ്ഥായിയായി നിലനിർത്തുക, വിപണനം മെച്ചപ്പെടുത്തുക, അതുവഴി കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുക, ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്കായാണ് ഈ തുക വിനിയോഗിക്കുന്നത്. 2016-2017 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയത് കൂടാതെ 3 കോടി രൂപ ഈ പദ്ധതിക്കായി അധികമായി അനുവദിച്ചിരുന്നെന്നും ആകെ 8 കോടി രൂപ ഇതിനോടകം പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ചു കഴിഞ്ഞെന്നും 1 കോടി രൂപയുടെ അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2017-2018 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-35—കയർ മേഖലയ്ക്കുള്ള അപ്പക്സ് ബോഡി

ബഡ്ജറ്റ് വിഹിതം : ഇല്ല

12. കയർ മേഖലയ്ക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, കയർസംബന്ധമായ പൊതു/സർക്കാർ നയങ്ങൾ നടപ്പിലാക്കുക, കമ്പോള വിപണന നിർദ്ദേശങ്ങൾ നൽകുക, കയർ മേഖലയ്ക്ക് വേണ്ട വിജ്ഞാനം വളർത്തിയെടുത്ത് ആവശ്യക്കാർക്ക് കിട്ടാനുള്ള നടപടി സ്വീകരിക്കുക എന്നീ ചുമതലകൾ നിക്ഷിപ്തമായ ഒരു ഉന്നതാധികാര സമിതിയാണ് കയർമേഖലയ്ക്കുള്ള അപ്പക്സ് ബോഡി. കയർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്ന ഒരു മോണിറ്ററിംഗ് സംവിധാനമായും പരാതിപരിഹാര സംവിധാനമായും പ്രവർത്തിക്കുന്ന സമിതിക്കു വേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-26—കയർ ഉൽപ്പാദിപ്പിക്കുന്ന സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

13. പ്രാഥമിക കയർ പിരി സഹകരണ സംഘങ്ങളിലെയും, മാറ്റ്സ് ആൻറ് മാറ്റിംഗ്സ് സംഘങ്ങളിലെയും സെക്രട്ടറി, ബിസിനസ് മാനേജർ എന്നീ തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പ്രതിമാസശമ്പളത്തിന്റെ ഒരു ഭാഗം ഒരു നിശ്ചിത

കാലയളവിലേക്ക് സർക്കാർ മുഖാന്തിരം നൽകി, സർക്കാരിന്റെ വികസന പദ്ധതികൾ കയർ മേഖലയിൽ ഫലപ്രദമായി നടപ്പാക്കുന്നതിനും അതിലൂടെ സംഘങ്ങളെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 400 ലക്ഷം രൂപ ഈ പദ്ധതിക്കായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-106-98—കയർ ഡയറക്ടറേറ്റിനുള്ള പുതിയ കെട്ടിട നിർമ്മിതി

ബഡ്ജറ്റ് വിഹിതം : 22 ലക്ഷം രൂപ (പ്ലാൻ)

14. കയർ വികസനവകുപ്പിനു കീഴിൽ 14 ജില്ലകളിൽ 10 പ്രോജക്ട് ഓഫീസുകളും 42 സർക്കിൾ ഓഫീസുകളും പ്രവർത്തിക്കുന്നതായും ഇവയിൽ മിക്ക ഓഫീസ് കെട്ടിടങ്ങളും വളരെയധികം പഴക്കം ചെന്നതും അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതുമാണെന്നും വിലയിരുത്തിയ സമിതി പ്രസ്തുത പദ്ധതിക്കായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-105-99—കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - ഭരണപരമായ ചെലവുകൾ -31- സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 4016.72 ലക്ഷം രൂപ (നോൺ പ്ലാൻ)

15. ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണംമൂലമുണ്ടാകുന്ന അധികചെലവ്, ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും പെൻഷൻകാർക്കും 2017 ഏപ്രിൽ, ഒക്ടോബർ മാസങ്ങളിൽ അനുവദിക്കേണ്ട രണ്ട് ഗഡു ശമ്പളപരിഷ്കരണ കുടിശ്ശിക, ഭാവിയിൽ പെൻഷൻ പരിഷ്കരണംമൂലമുണ്ടാകുന്ന അധിക ചെലവ്, ഡി.എ. കുടിശ്ശിക എന്നിവ കണക്കാക്കിയാൽ ബോർഡിന് അനുവദിച്ച തുക കുറവാണെന്നും മുൻവർഷങ്ങളിൽ ഈ ഇനത്തിൽ അനുവദിച്ച തുക കുറവായതുമൂലം ബോർഡ് ചെലവഴിച്ച തുക കൂടി ഉൾപ്പെടുത്തി 7888.22 ലക്ഷം രൂപ അധികം ആവശ്യമായി വരുമെന്നും സമിതി കണക്കാക്കുന്നു. ആയതിനാൽ പ്രസ്തുത ചെലവുകൾക്കായി 7888.22 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-99—കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ -36-സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 214 ലക്ഷം രൂപ (പ്ലാൻ)

16. ഈ ഇനത്തിൽ താഴെപ്പറയുന്ന പദ്ധതികൾ 2017-2018 വർഷം നടപ്പിലാക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിലേക്കായി സമർപ്പിച്ചിരുന്നു:

| | | |
|---|---|---|
| 1 | കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ നിലവിലുള്ള സ്ലൈവർ പ്രോജക്റ്റ് വികസനം | 125 ലക്ഷം |
| 2 | ഖാദി ഉല്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള വ്യാപകമായ വിപണി പ്രോത്സാഹന പ്രവർത്തനങ്ങൾ | 30 ലക്ഷം |
| 3 | ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം | 10 ലക്ഷം |
| 4 | കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്ന കേന്ദ്രീകൃത തേൻ സംസ്കരണ യൂണിറ്റ് | 260 ലക്ഷം |
| | ആകെ | 425 ലക്ഷം |

എന്നാൽ മേൽ ശീർഷകത്തിൽ ആകെ 214 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി ആവശ്യം വരുന്ന 211 ലക്ഷം രൂപ കൂടി അനുവദിച്ചുനൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-96—കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്-ഖാദിയുടെ ചില്ലറ വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് -33-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 900 ലക്ഷം രൂപ (നോൺ പ്ലാൻ)

17. ഖാദിയുടെ ചില്ലറ വില്പനയിൽ റിബേറ്റിനത്തിൽ ഉപഭോക്താക്കൾക്ക് അനുവദിച്ച നൽകിയ വകയിൽ 2015-2016-ൽ 1750 ലക്ഷം രൂപയും 2016-2017-ൽ 1727 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3477 ലക്ഷം രൂപ കുടിശ്ശിക ലഭിക്കാനുണ്ടെന്നും ആയതിനാൽ 2015-2016, 2016-2017 എന്നീ വർഷങ്ങളിലെ റിബേറ്റ് കുടിശ്ശികയും 2017-2018 വർഷത്തിൽ ആവശ്യപ്പെട്ട തുകയും ബഡ്ജറ്റിൽ അനുവദിച്ച തുകയും തമ്മിലുള്ള വ്യത്യാസവും ഉൾപ്പെടെ 2017-2018 വർഷത്തിൽ റിബേറ്റിനത്തിൽ 6077 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി മേൽ ശീർഷകത്തിൽ 6077 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-87—ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 110 ലക്ഷം രൂപ (പ്ലാൻ)

18. ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് അംഗീകാരത്തിനായി സമർപ്പിച്ച 2017-2018-ലെ പ്രവൃത്തികളായ പുതിയ വില്പനശാലകൾ ആരംഭിക്കുന്നതിനും, വില്പനശാലകളുടെയും സംഭരണ ശാലകളുടെയും നവീകരണം പൂർത്തിയാക്കുന്നതിനും പ്രദർശനമേള, ഐ.ഐ.റ്റി.എഫ്. എന്നിവയ്ക്കായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 105 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-86—മറ്റ് ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

19. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഖാദി മേഖലയിലെ സ്ഥാപനങ്ങൾക്കും ഖാദി സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 20 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-85—പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

ബഡ്ജറ്റ് വിഹിതം : 300 ലക്ഷം രൂപ (പ്ലാൻ)

20. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിക്ക് (PMEGP) അനുസൃതമായി എല്ലാ പഞ്ചായത്തുകളിലും പുതിയ ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ വേണ്ട സഹായം (മാർജിൻമണി/സബ്സിഡി) നൽകുവാനും ഈ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഉദ്ദേശിക്കുന്ന പദ്ധതിക്കായി ആകെ 600 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് നിർദ്ദേശങ്ങൾ സമർപ്പിച്ചതിൽ 300 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക പദ്ധതി നടത്തിപ്പിന് അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ കൂടി മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-73—<u>ഖാദി നെയ്ത്തുകാർക്കുള്ള ഉൽപ്പാദന/ഉത്സവകാല ഇൻസെന്റീവ്</u>

ബഡ്ജറ്റ് വിഹിതം : 430 ലക്ഷം രൂപ (പ്ലാൻ)

21. സംസ്ഥാനത്തെ ഖാദി സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന 13000-ത്തോളം ഖാദി തൊഴിലാളികൾക്ക് ഉല്പാദന ഇൻസെന്റീവും ഉൽസവകാല ഇൻസെന്റീവും നൽകുന്നതിനും 2015-2016, 2016-2017 വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ മേൽ ശീർഷകത്തിൽ 570 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2851-00-105-72—<u>വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും</u>

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (പ്ലാൻ)

22. ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമ വ്യവസായ യൂണിറ്റുകളുടെ നവീകരണം, പുതിയ യൂണിറ്റുകൾ സ്ഥാപിക്കൽ, നിലവിലുള്ളവ ശക്തിപ്പെടുത്തൽ തുടങ്ങിയ ആവശ്യങ്ങൾക്കായി ആകെ 30 ലക്ഷം രൂപ വകയിരുത്തണമെന്നാവശ്യപ്പെട്ട് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചതിൽ 25 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബാക്കി തുകയായ <u>5 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2851-00-105-71—<u>വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും</u>

ബഡ്ജറ്റ് വിഹിതം : 150 ലക്ഷം രൂപ (പ്ലാൻ)

23. ഖാദിമേഖലയെ അതിന്റെ സാംസ്കാരിക പൈതൃകത്തെ ബാധിക്കാതെ ആധുനികവൽക്കരിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിനുമായി ആകെ 430 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചതിൽ 150 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>ബാക്കി തുകയായ 280 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2851-00-105-69—സംസ്ഥാനത്ത് ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : 452 ലക്ഷം രൂപ (പ്ലാൻ)

24. സംസ്ഥാനത്തെ 14 ജില്ലകളിലേയും 2 പഞ്ചായത്തുകളിൽ വീതം അടുത്ത 5 വർഷം കൊണ്ട് 5000 പേർക്ക് പുതുതായി ഖാദി നൂൽപ്പ്-നെയ്ത്ത് മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 304.2 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-195-99— കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം : 200 ലക്ഷം രൂപ (പ്ലാൻ)

25. സീസൺ സമയത്ത് പരമാവധി കുറഞ്ഞ വിലയിൽ തോട്ടണ്ടി സംഭരിച്ച് തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ നൽകുന്നതിനായി കാപ്പെക്സിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 3300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. 2011 മുതൽ 2016 വരെ റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ആവശ്യത്തിനായി 1000 ലക്ഷം രൂപ (നോൺ പ്ലാൻ) അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4860-60-190-94—കെ.എസ്.സി.ഡി.സി.യുടെ കീഴിലുള്ള കശുവണ്ടിഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 4000 ലക്ഷം രൂപ (പ്ലാൻ)

27. കെ.എസ്.സി.ഡി.സി.-ക്ക് 2017-2018 സാമ്പത്തിക വർഷത്തെ പ്രവർത്തന മൂലധനമായി 10000 ലക്ഷം രൂപ പ്ലാൻ ശീർഷകത്തിൽ ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 10000 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

28. കെ.എസ്.സി.ഡി.സി.-ക്ക് 2015 വരെയുള്ള ഗ്രാറ്റുവിറ്റി നൽകാനായി 56.17 കോടി രൂപ, 2014 ജൂൺ മുതൽ 2016 ജൂലൈ വരെയുള്ള ഇ.പി.എഫ്. നൽകാനായി 6.05 കോടി രൂപ, 20 ഫാക്ടറികൾ വിലയ്ക്കെടുക്കുന്നതിലേക്കായി 62.05 കോടി രൂപ, വാണിജ്യ നികുതി വകുപ്പിൽ 1970-1971 മുതലുള്ള കുടിശ്ശിക,

2016 വർഷത്തെ ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി അടയ്ക്കാനുള്ള 15.99 കോടി രൂപ എന്നിവയുൾപ്പെടെ ആകെ 140.26 കോടി രൂപ ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി നോൺ പ്ലാൻ ശീർഷകത്തിൽ 14026 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-80-102-97—പബ്ലിക് സെക്ടർ റീ സ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (നോൺ പ്ലാൻ)

29. പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡിന്റെ ഓഫീസ് വാടക, യാത്രാ ചെലവുകൾ, വൈദ്യുതി ചാർജ്ജ്, ശമ്പളവും മറ്റു ആനുകൂല്യങ്ങൾ തുടങ്ങിയ ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 203 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6853-01-190-99—കേരള സംസ്ഥാന മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനുള്ള (കെ.എം.ഡി.എൽ.) വായ്പകൾ

ബഡ്ജറ്റ് വിഹിതം : 50000 രൂപ (പ്ലാൻ)

30. മലമ്പുഴ, ചുള്ളിയാർ, വാളയാർ തുടങ്ങിയ അണക്കെട്ടുകളിൽനിന്നും ചെളിയും, മണലും നീക്കം ചെയ്ത് മണൽ വേർതിരിച്ചെടുത്ത് അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ സഹകരണത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിക്ക് ഏകദേശം 17.50 കോടി രൂപ മൂലധന ചെലവും 30.75 കോടി രൂപ വരവും 23.02 കോടി രൂപ റവന്യൂ ചെലവും 7.73 കോടി രൂപ മിച്ചവും പ്രതീക്ഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1700 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ധാതുമണൽ ഖനനത്തിനായി കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ആഴക്കടലിൽ നിന്നും നിർമ്മാണ പ്രവർത്തനത്തിനുള്ള മണൽ ഖനനം ചെയ്യുന്നതിനുള്ള കേരള സംസ്ഥാന മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പദ്ധതിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ, കടലിൽനിന്ന് വേർതിരിച്ച് എടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ

എന്ന സ്ഥാപനം കൊല്ലം, പൊന്നാനി തീരപ്രദേശങ്ങളിൽ പഠനം നടത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം വേർതിരിച്ചെടുക്കുന്ന മണൽ എല്ലാത്തരം ഉപയോഗങ്ങൾക്കും ഇൻഡ്യൻ ഗുണനിലവാര സ്റ്റാന്റേർഡ് പ്രകാരം അനുയോജ്യ മായതിനാൽ പ്രാരംഭപഠന ചെലവിനായി 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6853-60-190-97—ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 2,600 ലക്ഷം രൂപ (പ്ലാൻ)

33. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ വൈവിദ്ധ്യവൽക്കരണത്തിനും, അത്യാവശ്യം യന്ത്രസാമഗ്രികളുടെ പുനഃസ്ഥാപനത്തിനും പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി 3500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ മലിനീകരണ നിയന്ത്രണ ഉപകരണം ഇറക്കുമതി ചെയ്ത വകയിൽ അടയ്ക്കേണ്ട ഇറക്കുമതി തീരുവയും പലിശയും ഉൾപ്പെടെ ഡി.ജി.എഫ്.റ്റി. കമ്പനിക്ക് നൽകിയ ഡിമാൻഡ് നോട്ടീസ് പ്രകാരം 35 കോടി രൂപ അടിയന്തരമായി അടയ്ക്കേണ്ടതാണെന്നും പ്രസ്തുത ആവശ്യത്തിലേക്ക് ഗവൺമെന്റിൽനിന്നും ധനസഹായം നൽകുമെന്ന് ജി.ഒ. (എം.എസ്.) നമ്പർ 67/2011/ഐ.ഡി. തീയതി 3-3-2011 പ്രകാരം ഉത്തരവ് നിലവിലുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 3500 ലക്ഷം രൂപ പദ്ധതിയേതര വിഹിതമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6854-01-190-98—കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1000 ലക്ഷം രൂപ (പ്ലാൻ)

35. കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് പുതിയ ഗ്രേ സിമന്റ് ഗ്രൈന്റിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് 10 കോടി രൂപയും നിലവിലുള്ള യന്ത്രസാമഗ്രികളുടെ നവീകരണത്തിന് 5.19 കോടി രൂപയും വെള്ള ക്ലിങ്കർ ഇറക്കുമതി ചെയ്യുന്നതിനും ഗ്രാറ്റുവിറ്റി കുടിശ്ശികയുടെ തിരിച്ചടവിനും വേണ്ടി, പ്രവർത്തന മൂലധനമായി 17 കോടി രൂപയും ആവശ്യമുള്ളതായി സമിതി വിലയിരുത്തുന്നു. പ്രസ്തുത ആവശ്യങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2219 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6857-02-190-99—കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ഇൻഡസ്ട്രീസിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 1815 ലക്ഷം രൂപ (പ്ലാൻ)

36. കെ.എസ്.ഡി.പി. യിൽ ജി.എം.പി. നിലവാരമുള്ള പുതിയ നോൺ ബീറ്റാലാക്ടം പ്ലാന്റ് സ്ഥാപിക്കുന്നതിനും ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ രോഗികൾക്കുള്ള പ്രത്യേക മരുന്ന് ഉല്പാദനത്തിനും വേണ്ടി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-01-190-98—ട്രാക്കോ കേബിൾസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1000 ലക്ഷം രൂപ (പ്ലാൻ)

37. ട്രാക്കോ കേബിൾ കമ്പനിയുടെ ഉല്പാദനശേഷി കൂട്ടുന്നതിനായി സർക്കാരിൽനിന്ന് നൽകിയ 4.33 കോടി രൂപ ഉപയോഗിച്ച് പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞതായും ഉല്പാദനം വർദ്ധിപ്പിക്കേണ്ടിവരുമ്പോൾ സ്വാഭാവികമായും കൂടുതൽ പ്രവർത്തന മൂലധനം ആവശ്യമായി വരുമെന്നും സമിതി മനസ്സിലാക്കുന്നു. ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-01-190-96—കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള (കെൽ) വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1800 ലക്ഷം രൂപ (പ്ലാൻ)

38. കെൽ, കുണ്ടറ യൂണിറ്റിന്റെ സമഗ്ര പുനരുദ്ധാരണത്തിനും യൂണിറ്റിൽ നിലവിലുള്ള അധിക ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുമായി പഠിച്ച് റിപ്പോർട്ട് നൽകുവാൻ കമ്പനി M/S. KITCO-യെ ചുമതലപ്പെടുത്തിയതനുസരിച്ച് അവർ നൽകിയ റിപ്പോർട്ട് ഗവൺമെന്റ് അനുമതിക്കായി സമർപ്പിക്കുകയും ഗവൺമെന്റ് നടത്തിയ വിദഗ്ധ ചർച്ചയുടെ അടിസ്ഥാനത്തിൽ മേൽ റിപ്പോർട്ടിൽ ഭേദഗതി വരുത്തുകയും ആയതിൻ പ്രകാരം കെൽ, കുണ്ടറ യൂണിറ്റിന്റെ പുനരുദ്ധാരണത്തിനുമായി പ്രൊപ്പോസൽ ഗവൺമെന്റ് അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 960 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. കെൽ, കുണ്ടറ യൂണിറ്റിന് 17 കോടി രൂപയുടെ ഓർഡർ കൈവശമുണ്ടെന്നും എന്നാൽ ഉല്പാദനം, പ്ലാനനുസരിച്ച് ചെയ്തുതീർക്കാൻ അസംസ്കൃത വസ്തുക്കൾ വിലയ്ക്ക് വാങ്ങേണ്ടതും ഈ യൂണിറ്റിന്റെ സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് കുടിശ്ശിക തിരിച്ചടക്കേണ്ടതുമുണ്ടെന്നും

അതനുസരിച്ച് പ്രവർത്തന മൂലധനത്തിനായി 5 കോടി രൂപയും സ്റ്റാറ്റ്യൂട്ടറി കടിശ്ശിക തിരിച്ചടയ്ക്കുന്നതിനായി 5 കോടി രൂപയും ഉൾപ്പെടെ ആകെ 10 കോടി രൂപയുടെ സാമ്പത്തിക സഹായത്തിനായി കമ്പനി സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. 2003-2004 കാലഘട്ടത്തിൽ കെല്ലിൽ നിന്നും Voluntary Retirement Scheme (VRS) പ്രകാരം പിരിഞ്ഞുപോയവർക്ക് കൊടുക്കുവാനുള്ള സാലറി അരിയേഴ്സ് നൽകുവാൻ ബഹു. സുപ്രീംകോടതി ഉത്തരവായിരുന്നെന്നും അതനുസരിച്ച് 89 ലക്ഷം രൂപ സർക്കാർ ഉത്തരവു പ്രകാരം തൽക്കാലം നൽകിയത് എടരിക്കോട് യൂണിറ്റിന്റെ പ്രോജക്ട് ഫണ്ടിൽ നിന്നുമാണെന്നും പിന്നീട് മേൽപ്പറഞ്ഞവർക്ക് 2003-2004 കാലഘട്ടത്തിലെ ബോണസ് ആവശ്യപ്പെട്ടത് ലേബർ കമ്മീഷണറുടെ നോട്ടീസ് പ്രകാരം 5,92,000 രൂപ നൽകേണ്ടതായി വന്നിട്ടുണ്ടെന്നും കൂടാതെ ബഹു. കൊല്ലം ലേബർ കോടതി/ ബഹു. സുപ്രീം കോടതിയുടെ ഉത്തരവുപ്രകാരം 16 ക്യാന്റീൻ തൊഴിലാളികളെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും അവർക്ക് മുൻകാല വേതന തുകയിൽ നിന്നും ഒരു ലക്ഷം രൂപ വീതം ഇടക്കാലാശ്വാസമായി കൊടുക്കുവാൻ ബഹു. കോടതി ഉത്തരവായെന്നും ഈ വകയിൽ 16 ലക്ഷം രൂപ കൊടുത്തുതീർത്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആകെ തുകയായ 110.92 ലക്ഷം രൂപ കമ്പനിയുടെ പ്രവർത്തനമൂലധനത്തിൽ നിന്നും എടരിക്കോട് യൂണിറ്റിന്റെ പ്രോജക്ട് ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത തുക തിരിച്ചു ലഭിച്ചാൽ മാത്രമേ ഈ യൂണിറ്റിനാവശ്യമായ മെഷീനറികൾ വാങ്ങി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുവാൻ സാധിക്കുകയുള്ളൂ എന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 111 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. കെൽ, കുണ്ടറ യൂണിറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 2010-2011 സാമ്പത്തിക വർഷം Steel & Industrial Forgings Ltd. (SIFL)-ൽ നിന്നും ബ്രിഡ്ജ് ലോൺ ആയി സർക്കാർ അനുമതിയോടുകൂടി കിട്ടിയ തുക തിരിച്ചടക്കുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. കെല്ലിന്റെ മാമല, കുണ്ടറ, എടരിക്കോട്, ഒലവക്കോട് എന്നീ നാല് യൂണിറ്റുകളെയും ഏകോപിപ്പിച്ചുകൊണ്ട് ERP-സോഫ്റ്റ്‌വെയർ സ്ഥാപിച്ച് കേന്ദ്രീകൃത ബിസിനസ് ഡവലപ്പ്മെന്റ് സെന്ററും കേന്ദ്രീകൃത ഡിസൈൻ ഡെവലപ്പ്മെന്റ് സെന്ററും കമ്പനിയുടെ കൊച്ചിയിലെ കോർപ്പറേറ്റ് ഓഫീസിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇത്

നടപ്പിലായാൽ 2020-2021 കാലഘട്ടമാകുമ്പോൾ കമ്പനിയുടെ വിറ്റുവരവ് 600 കോടി രൂപ ആകുമെന്നാണ് പ്രതീക്ഷ. കേന്ദ്രീകൃത ബിസിനസ് സെന്റർ സ്ഥാപിക്കുന്നതിന് 30 ലക്ഷം രൂപയും ഡിസൈൻ ഡെവലപ്പ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിന് 90 ലക്ഷം രൂപയും ERP സിസ്റ്റം നടപ്പിലാക്കുന്നതിന് 175 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 300 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ <u>300 ലക്ഷം രൂപ ഇതിനായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6858-01-190-94—<u>യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ</u>

ബഡ്ജറ്റ് വിഹിതം : 400 ലക്ഷം രൂപ (പ്ലാൻ)

43. യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് കമ്പനിക്ക് എൽ.ഇ.ഡി. വിളക്കുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനും യന്ത്രസാമഗ്രികളും അനുബന്ധ ഉല്പന്നങ്ങളും വാങ്ങുന്നതിന് വേണ്ടിയുള്ള മൂലധനം, മീറ്റർ നിർമ്മാണ ഷോപ്പിന്റെ പുനരുദ്ധാരണം, എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിൽവരുത്തുക എന്നീ ആവശ്യങ്ങൾക്കുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>പ്രസ്തുത ആവശ്യത്തിനായി 400 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6858-03-190-99—<u>കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് -ത്രീ വീലർ പ്രോജക്ട്</u>

ബഡ്ജറ്റ് വിഹിതം : 700 ലക്ഷം രൂപ (പ്ലാൻ)

44. കേരള ആട്ടോമൊബൈൽസിന്റെ ഓഫീസ് ബ്ലോക്കിന്റെയും ഫാക്ടറി സമുച്ചയത്തിന്റെയും ആധുനികവൽക്കരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി <u>300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6858-60-190-89—<u>ആട്ടോകാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ</u>

ബഡ്ജറ്റ് വിഹിതം : 1000 ലക്ഷം രൂപ (പ്ലാൻ)

45. വിവിധ ഇനം ഇരുമ്പുരുക്ക് കാസ്റ്റിംഗുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായി 1984-ൽ സംസ്ഥാന സർക്കാർ ആരംഭിച്ച സ്ഥാപനമായ ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ മോശമായ സാമ്പത്തിക സ്ഥിതിമൂലം കഴിഞ്ഞ കുറെ കാലയളവിലെ

പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, സെൻട്രൽ എക്സൈസ് തുടങ്ങിയ സ്റ്റാറ്റ്യൂട്ടറി തുകകളും സപ്ലയേഴ്സിനുള്ള (Suppliers) തുകയും നൽകുവാനുള്ളതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ കമ്പനിക്ക് ഇപ്പോൾ ഒരു തരത്തിലുള്ള ബാങ്ക് ധനസഹായവും ലഭ്യമല്ലാത്ത സാഹചര്യത്തിൽ, അസംസ്കൃത വസ്തുക്കൾ കടം കിട്ടാത്ത അവസ്ഥയിലായതിനാൽ ഫൗണ്ടറി സ്റ്റാൻഡേർഡ് അനുസരിച്ച് മൂന്നുമാസത്തെ അസംസ്കൃത വസ്തുക്കളുടെ കരുതൽ ശേഖരം വയ്ക്കുന്നതിനുള്ള പ്രവർത്തന മൂലധനത്തിന്റെ ആവശ്യമുള്ളതായും സമിതി മനസ്സിലാക്കുന്നു. ഉല്പാദന മേഖലയിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളെല്ലാം 1984-ൽ പണികഴിപ്പിച്ചവയും കാലപ്പഴക്കംകൊണ്ട് ശോചനീയമായ അവസ്ഥയിലുമാണെന്നും എത്രയുംപെട്ടെന്ന് ഈ കെട്ടിട സമുച്ചയങ്ങളുടെ മേൽക്കൂരകളുടെ അറ്റകുറ്റപ്പണികൾ നിർബന്ധമായും ചെയ്യേണ്ട ആവശ്യമുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി <u>1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6858-60-190-84—<u>സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനുള്ള വായ്പ</u>

ബഡ്ജറ്റ് വിഹിതം : 480 ലക്ഷം രൂപ (പ്ലാൻ)

46. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തന മേഖല എയ്റോസ്പെയ്സ് രംഗത്തേക്ക് കൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അത്താണിയിൽ ആരംഭിക്കുന്ന ഹീറ്റ് ട്രീറ്റ്മെന്റ് ആന്റ് സ്ക്രൂ പ്രസ്സ് ഡിവിഷൻ, പഴയ ഫർണസ് കേടുപാടുകൾ തീർത്ത് പുതിയതാക്കുക, 16 ടൺ ഹാമ്മർ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന വൈബ്രേഷൻ പ്രതിരോധിക്കാൻ ആവശ്യമായ വൈബ്രേഷൻ ഡാമ്പനിംഗ് സിസ്റ്റം സ്ഥാപിക്കുക, കേടുവന്ന പഴയ 10 ടൺ ഹാമ്മറിന്റെ ആൻവിൽ മാറ്റുക തുടങ്ങിയ ചെലവുകൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ മേൽ ആവശ്യങ്ങൾക്കായി 980 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6859-02-190-99—<u>കേരള സ്റ്റേറ്റ് ഇലക്ട്രോണിക് വികസന കോർപ്പറേഷനുള്ള വായ്പകൾ</u>

ബഡ്ജറ്റ് വിഹിതം : 1000 ലക്ഷം രൂപ (പ്ലാൻ)

47. ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലെ പുത്തൻ സാധ്യതകൾ പ്രയോജനപ്പെടുത്തി കെൽട്രോണിന്റെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള ഫാക്ടറി സൗകര്യങ്ങൾ, ഉല്പാദന-പ്രവർത്തന യന്ത്രസാമഗ്രികൾ എന്നിവ നവീകരിക്കേണ്ടതുണ്ടെന്ന്

സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കരകുളം യൂണിറ്റിൽ പവർ ഇലക്ട്രോണിക്സിന് വേണ്ടിയുള്ള ഉല്പാദന സൗകര്യങ്ങൾ നവീകരിക്കുന്നതിന് 280 ലക്ഷം രൂപയും സ്പേസ് ഇലക്ട്രോണിക്സിനുവേണ്ടിയുള്ള വിപുലീകരണത്തിന് 392 ലക്ഷം രൂപയും, മൺവിള യൂണിറ്റിൽ സ്പേസ് ഇലക്ട്രോണിക്സിനുവേണ്ടിയുള്ള മെറ്റീരിയൽ സ്ക്രീനിംഗിനും ലാബിനുമുള്ള സൗകര്യങ്ങൾക്കുമായി 173 ലക്ഷം രൂപയും, അരൂർ യൂണിറ്റിലെ ഉല്പാദന സൗകര്യങ്ങളുടെ നവീകരണത്തിന് 300 ലക്ഷം രൂപയും, അരൂർ യൂണിറ്റിൽ സോളാർ ഫോട്ടോ വോൾട്ടായിക് മൊഡ്യൂളുകളുടെ ഉല്പാദനത്തിനായി 1465 ലക്ഷം രൂപയും, ഗ്രിഡ് ടൈ സോളാർ ഇൻവർട്ടറുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് 500 ലക്ഷം രൂപയും, സ്മാർട്ട് മീറ്റർ നിർമ്മിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ആദ്യഘട്ടമായി 200 ലക്ഷം രൂപയും, മുടാടി യൂണിറ്റിൽ ഹിയറിംഗ് എയിഡുകളുടെ ഉല്പാദനം വിപുലീകരിക്കുന്നതിന് 110 ലക്ഷം രൂപയും, സോഫ്റ്റ്‌വെയർ ഗ്രൂപ്പിന്റെ വികസന പദ്ധതികൾക്കായി 80 ലക്ഷം രൂപയും, ഉൾപ്പെടെ ആകെ 3500 ലക്ഷം രൂപ ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2500 ലക്ഷം രൂപ പ്രസ്തുത ആവശ്യത്തിനായി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-60-190-79—കേരള ക്ലേയ്സ് ആന്റ് സെറാമിക് പ്രൊഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

48. കേരള ക്ലേയ്സ് ആന്റ് സെറാമിക് പ്രൊഡക്ട്സ് ലിമിറ്റഡിന്റെ വൈവിദ്ധ്യ വൽക്കരണത്തിന്റെ ഭാഗമായി 20 കോടി രൂപയുടെ ഡെയറി ഫാം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ ആസൂത്രണ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അനുമതി കൂടി ലഭിക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 2000 ലക്ഷം രൂപ മൊത്തം ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ 1,200 ലക്ഷം രൂപയാണ് ചെലവ് കണക്കാക്കുന്നത്. അതിൽ 200 ലക്ഷം രൂപ കമ്പനി കണ്ടെത്തുന്നതാണെന്നും അടുത്ത രണ്ട് വർഷങ്ങളിൽ 400 ലക്ഷം രൂപ വീതം പദ്ധതി ചെലവ് വരുമെന്നും രണ്ടും മൂന്നും ഘട്ടങ്ങളിലെ പദ്ധതി ചെലവായ 800 ലക്ഷം രൂപ കമ്പനി കണ്ടെത്തേണ്ടതുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി വിഹിതമായി മേൽ ശീർഷകത്തിൽ 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6885-60-190-99—കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷന് (കിൻഫ്ര) ഉള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 11132 ലക്ഷം രൂപ (പ്ലാൻ)

49. വ്യവസായ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കിൻഫ്ര പാർക്കുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൂമി ഏറ്റെടുക്കുന്നതിനും കൂടാതെ മുൻകാലങ്ങളിൽ ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 204000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതുശിപാർശകൾ**

50. സംസ്ഥാനത്ത് വ്യാവസായികവും ഗാർഹികവുമായ ആവശ്യങ്ങൾക്ക് രൂക്ഷമായ ജലക്ഷാമം നേരിടുന്ന സാഹചര്യത്തിൽ മഴവെള്ളം ഹാർവെസ്റ്റ് ചെയ്യാൻ ഒരു പദ്ധതി ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. കേരളത്തിലെ എല്ലാ വ്യവസായ സ്ഥാപനങ്ങളുടെയും, സ്വകാര്യ/പൊതുമേഖലാസ്ഥാപനങ്ങളുടെയടക്കം, മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ഭൂമിയിലേക്ക് ചാർജ്ജ് ചെയ്ത് മഴവെള്ളം സംഭരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

51. പൊതുമേഖലാ സ്ഥാപനങ്ങളിൽ അതത് സാമ്പത്തികവർഷം ഓഡിറ്റിംഗ് കൃത്യമായി നടക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സാമ്പത്തിക വർഷം അവസാനിച്ച് 6 മാസങ്ങൾക്കകം പൊതുമേഖലാ സ്ഥാപനങ്ങൾ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2017 ഏപ്രിൽ 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.